**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1713** **08-12-2022 - ൽ മറുപടിയ്ക്ക്**

**ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയം നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എച്ച്. സലാം | | ശ്രീ. വി. അബ്ദുറഹിമാൻ<br>(മത്സ്യബന്ധനം, കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | അമ്പലപ്പുഴ നിയോജക മണ്ഡലത്തിൽ ഉൾപ്പെടുന്ന ആലപ്പുഴ ഇ.എം.എസ്. സ്റ്റേഡിയ നിർമ്മാണത്തിനും അനുബന്ധ പ്രവൃത്തികൾക്കുമായി എത്ര രൂപയുടെ പദ്ധതിക്കാണ് കിഫ്ബി അംഗീകാരം നൽകിയത്; പ്രസ്തുത പദ്ധതിയുടെ നടത്തിപ്പ് ചുമതല ഏത് ഏജൻസിക്കാണ് നൽകിയിരിക്കുന്നത് എന്നറിയിക്കാമോ; | (എ) | **ആലപ്പുഴ ഇ.എം.എസ് സ്റ്റേഡിയത്തിന്റെ നിർമ്മാണത്തിന് 8.62 കോടി രൂപയുടെ അംഗീകാരമാണ് കിഫ്ബി നൽകിയിരിക്കുന്നത്. പദ്ധതിയുടെ നടത്തിപ്പ് ചുമതല എസ്.പി.വി ആയ കിറ്റ്കോയ്ക്കാണ് നൽകിയിരിക്കുന്നത്.** |
| (ബി) | സ്റ്റേഡിയം നിർമ്മാണം മന്ദഗതിയിലായതിന്റെ കാരണം വെളിപ്പെടുത്താമോ; ഇനിയും എന്തൊക്കെ നിർമ്മാണ പ്രവർത്തികളാണ് പൂർത്തിയാക്കാൻ ഉള്ളത്; ഈ പ്രവൃത്തി നടപ്പാക്കുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ; | (ബി) | **2018ൽ സാമ്പത്തികാനുമതിയും സാങ്കേതികാനുമതിയും നൽകിയെങ്കിലും മുൻസിപ്പാലിറ്റിയും കായികയുവജന കാര്യാലയവും തമ്മിലുള്ള എം.ഒ.യു ഒപ്പിടാത്തത് കൊണ്ട് ടെണ്ടർ നടപടികൾ പൂർത്തിയായിട്ടില്ല. ഫുട്ബോൾ മൈതാനം, ഇറിഗേഷൻ സിസ്റ്റം, നിലവിലുള്ള കടമുറികൾ പ്ലേയേഴ്സ് റൂം ആക്കി മാറ്റുക, ഫെൻസിംഗ്, വാട്ടർസപ്ലൈ ആന്റ് സാനിട്ടറി വർക്ക്സ്, ഇലക്ട്രിക്കൽ വർക്സ്, എന്നിവ ഒന്നാം പാക്കേജ് ആയും എട്ടുവരി 400 എം സിന്തറ്റിക് അത്‌ലറ്റിക് ട്രാക്ക് രണ്ടാം പാക്കേജ് ആയും പദ്ധതിയിൽ ഉൾക്കൊള്ളിച്ചിട്ടുണ്ട്. 27.01.2021ൽ എം.ഒ.യു ഒപ്പിടുകയും തുടർന്ന് പുതുക്കിയ സാങ്കേതികാനുമതി 10.01.2022ൽ ലഭിക്കുകയും ചെയ്തു. ആദ്യഘട്ട നിർമ്മാണത്തിന്റെ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച് ടെണ്ടർ അക്സെപ്റ്റൻസ് കമ്മിറ്റിയുടെ അംഗീകാരം ഉൾപ്പെടെ കിഫ്ബിയിൽ സമർപ്പിച്ച പ്രൊപ്പോസൽ കിഫ്ബി പരിശോധിച്ച് അംഗീകാരം നൽകിയിട്ടുണ്ട്.**<br><br>**കിറ്റ്കോ തയ്യാറാക്കിയ 8.62 കോടി രൂപ അടങ്കൽ വരുന്ന എസ്റ്റിമേറ്റ് 2016 DSR നിരക്കനുസരിച്ചുള്ളതായിരുന്നു. ആയത് പ്രകാരം ടിഎസ് ടെണ്ടർ നടപടികൾ മുനിസിപ്പാലിറ്റിയിൽ നിന്നും എം.ഒ.യു ഒപ്പിട്ടു ലഭിക്കാൻ വൈകിയതും** |

| | | | |
|---|---|---|---|
| | | | **റേറ്റിലുണ്ടായ റിവിഷനും കാരണം ടെണ്ടർ നടപടികൾ പൂർത്തിയാക്കിയിട്ടില്ല. പിന്നീട് 2018 ഡിപിആർ അനുസരിച്ച് പ്രവൃത്തിയുടെ എസ്റ്റിമേറ്റ് റിവൈസ് ചെയ്യപ്പോൾ പദ്ധതി തുക 8.62 കോടി രൂപയിൽ നിന്ന് 10.74 കോടി രൂപയായി വർദ്ധിച്ചു. ഇതിന് കിഫ്ബിയുടെ പുതുക്കിയ അനുമതി ആവശ്യമായിവരികയുണ്ടായി. പുതുക്കിയ അനുമതി പ്രകാരം സിവിൽ പ്രവർത്തികളുടെ 4.01 കോടി രൂപ അടങ്കൽ വരുന്ന ടെണ്ടർ അംഗീകരിച്ച് കരാറുകാരന് അറിയിപ്പ് നൽകിയിട്ടുണ്ട്.** |
| (സി) | പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണം അടിയന്തരമായി പൂർത്തികരിക്കാൻ സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ? | (സി) | **പ്രസ്തുത സ്റ്റേഡിയത്തിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട അവലോകനയോഗങ്ങൾ നടത്തി. നിലവിലെ പ്രശ്നങ്ങൾ പരിഹരിച്ച് പ്രവൃത്തി അടിയന്തരമായി പൂർത്തികരിക്കാൻ നടപടികൾ സ്വീകരിച്ചു വരുന്നു.** |

സെക്ഷൻ ഓഫീസർ